## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് - 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(4) - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.30/14/തസ്വഭവ. തിരുവനന്തപുരം,തീയതി: 02/01/2014

പരാമർശം:- 1) 04/05/2013--ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-13040/13 -ാം നമ്പർ കത്തും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11/12/2012 തീയതിയിലെ 1(5)-ാം നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്തിന്റെ 22/06/2012-ലെ 39(1) നമ്പർ തീരുമാനവും

2) 28/10/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി.റ്റി2/13751/2013 നമ്പർ കത്ത്.

### ഉത്തരവ്

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4)-ൽ ക്വട്ടേഷൻ ക്ഷണിക്കാതെ അച്ചടി ജോലികൾ നിർവ്വഹിച്ച വകയിൽ ചെലവായ 1,04,195/- രൂപ (ഒരു ലക്ഷത്തി നാലായിരത്തി നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ 11/12/2012 തീയതിയിലെ 1(5)-ാം നമ്പർ തീരുമാനത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെ 22/06/2012-ലെ 39(1) നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന് സമീപത്ത് പ്രവർത്തിക്കുന്ന വിക്ടറി പ്രസ്സിലാണ് വർഷങ്ങളായി ജോലികൾ നടത്താറുള്ളതെന്നും അടിയന്തിര ജോലികൾ വളരെ പെട്ടെന്നും കൃത്യതയോടും വളരെ കുറഞ്ഞ നിരക്കിലും നിർവ്വഹിച്ച നൽകുന്ന സ്ഥാപനമായതിനാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22/06/2012-ലെ 39(1) നമ്പർ തീരുമാനത്തിന്റെയും 11/12/2012-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മറ്റിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2008-09-ലെ ഖണ്ഡിക 3(4) പ്രകാരമുള്ള 1,04,195/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കരിമണ്ണൂർ

ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) പ്രകാരം തടസ്സപ്പെടുത്തിയ 1,04,195/- (ഒരു ലക്ഷത്തി നാലായിരത്തി നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) രൂപയുടെ ചെലവിന് ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കരുതെന്ന താക്കീതോടെ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ